# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബെള്ളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ.കെ.എസ്.ഡി/7/582/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബെള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.കെ.എസ്.ഡി/7/582/2021 തീയ്യതി: 28/09/2021

## കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-08-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 18-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 18-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ (16-08-2021മുതൽ 18-08-2021 വരെ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലത.എം. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗീതാകുമാരി. | സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി.ചഞ്ചലകുമാരി. | സെക്രട്ടറി | 24-07-2019 | 20-08-2019 |
| ശ്രീ.ദാമോദരൻ.എ | സെക്രട്ടറി | 21-08-2019 | 31-03-2020 |
| ശ്രീ.സതീശൻ.എം | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.മഹാദേവ സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ | 01-04-2019 | 27-09-2019 |
| ശ്രീ. അനീഷ്കുമാർ.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ | 28-09-2019 | 31-03-2020 |
| ഡോ.ഫനാസ് മജീദ് | മെഡിക്കൽ ഓഫീസർ .സി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ. സ്റ്റെല്ല്ല സണ്ണി | വെറ്ററിനറി സർജ്ജൻ | 01-04-2019 | 04-07-2019 |
| ഡോ. സീതാലക്ഷ്മി | വെറ്ററിനറി സർജ്ജൻ | 05-07-2019 | 31-03-2020 |
| ബിന്ദു | കൃഷി ഓഫീസർ | 01-04-2019 | 06-05-2019 |
| ശ്രീ.ഗിരീഷ്.ബി | കൃഷി ഓഫീസർ | 07-05-2019 | 31-03-2020 |
| ശ്രീ .പ്രകാശ് .ബി.എം. | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. രമ .ടി.പി | എെ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ഹിജേഷ്. | മെഡിക്കൽ ഓഫീസർ .ആയൂർവേദ | 01-04-2019 | 06-03-2020 |
| ഡോ. ശിബില നർഗ്ഗീസ് | മെഡിക്കൽ | 07-03-2020 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ<br>.ആയുർവേദ | | |

----------------

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് അംഗീകരിച്ചതിന്റെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 12-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-08-2021) | 1-2 |
| 3 | സ്റ്റോക്ക്, സ്റ്റോർ ഭൗതിക പരിശോധന<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-08-2021) | 1-2-1 |
| 4 | ക്യാഷ് ബുക്ക്<br>Written By: Gopalakrishna Nayik (Audit Officer, On 21-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-08-2021) | 1-2-2 |
| 5 | ആസ്തി രജിസ്റ്റർ<br>Written By: Gopalakrishna Nayik (Audit Officer, On 21-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-08-2021) | 1-2-3 |
| 6 | പ്രതിമാസ അക്കൌണ്ടുകൾ സ്റ്റാന്റിങ് കമ്മിറ്റികൾ പരിശോധിക്കുന്നില്ല<br>Written By: Gopalakrishna Nayik (Audit Officer, On 21-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-08-2021) | 1-2-4 |
| 7 | തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 19-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-08-2021) | 1-2-5 |
| 8 | ഗുണഭോക്തൃവിഹിതത്തിൽ നീക്കിബാക്കിയുണ്ട്<br>Written By: Gopalakrishna Nayik (Audit Officer, On 19-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-08-2021) | 1-2-6 |
| 9 | പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻഡീച്ചർ<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-08-2021) | 1-2-7 |
| 10 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ.<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-08-2021) | 1-2-8 |
| 11 | ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ.<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 20-08-2021) | 1-2-9 |
| 12 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-2-10 |
| 13 | ബാദ്ധ്യത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 20-08-2021) | 1-2-11 |
| 14 | വാർഷിക കണക്കിലെ മറ്റ് അപാകങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-08-2021) | 1-2-12 |
| 15 | സാമ്പത്തിക നില<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 09-09-2021) | 1-3 |
| 16 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021) | 1-4 |

| | | |
|---|---|---|
| | Last Updated By: Gopalakrishna Nayik (Audit Officer, On 09-09-2021) | |
| 17 | ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 20-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-08-2021) | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babu M (Senior Grade Auditor, On 20-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 09-09-2021) | 1-6 |
| 19 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Yadavakumara. C.H (Asst. Audit Officer, On 21-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-08-2021) | 1-7 |
| 20 | ക്യാഷ് പരിശോധന<br>Written By: Janardanan C (Auditor, On 21-08-2021)<br>Last Updated By: Janardanan C (Auditor, On 21-08-2021) | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം<br>Written By: Gopalakrishna Nayik (Audit Officer, On 21-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-08-2021) | 1-9 |
| 22 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 21-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-08-2021) | 1-10 |
| 23 | ഇ-ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Janardanan C (Auditor, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-08-2021) | 1-11 |
| 24 | ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Auditor, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-08-2021) | 1-12 |
| 25 | കറവയുള്ള പശുവിനെ വളർത്തൽ ( വനിത - പട്ടിക വർഗ്ഗം) നടപ്പാക്കയതിലെ - അപാകത<br>Written By: Babu M (Senior Grade Auditor, On 16-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-09-2021) | 1-13 |
| 26 | ക്ഷീര സംഘങ്ങൾ മുഖേന നൽകുന്ന പാലിന് സബ്സിഡി-അപാകത<br>Written By: Babu M (Senior Grade Auditor, On 16-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-08-2021) | 1-14 |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-09-2021) | 1-15 |
| 28 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 11-09-2021) | 1-16 |
| 29 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-08-2021) | 1-17 |
| 30 | ഐ കെ എം ന് പഞ്ചായത്ത് വിഹിതം നൽകൽ-<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-08-2021) | 1-18 |
| 31 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകത<br>Written By: Janardanan C (Auditor, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-08-2021) | 1-19 |
| 32 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ | 1-20 |

| | | |
|---|---|---|
| | പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 07-09-2021) | |
| 33 | നെൽകൃഷി വികസന പദ്ധതി - നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 11-09-2021) | 1-21 |
| 34 | തുല്യതാ പരീക്ഷ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Janardanan C (Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-08-2021) | 1-22 |
| 35 | അംഗൻവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 19-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 07-09-2021) | 1-23 |
| 36 | അംഗൻവാടികളിലേക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്തതിലെ അപാകതക്കൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 19-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-09-2021) | 1-24 |
| 37 | പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 19-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 11-09-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ചതിൻെറ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ചഫണ്ട് വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 19-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Gopalakrishna Nayik (Audit Officer, On 14-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 09-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| | Written By: Gopalakrishna Nayik (Audit Officer, On 09-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 10-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-09-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gopalakrishna Nayik (Audit Officer, On 10-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബഡ്ജറ്റ് അംഗീകരിച്ചതിന്റെ വിവരം

ബഡ്ജറ്റ് അംഗീകരിച്ചതിന്റെ വിവരം

| | | 2019-2020 |
|---|---|---|
| വർഷം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ , തിയ്യതി | 30.01.2019, തീരുമാനം നമ്പർ -01 | 30.01.2020 |
| മുന്നിരിപ്പ് | 40,42,137 | 3,42,769 |
| വരവ് | 9,04,66,600 | 9,65,80,437 |
| ആകെ | 9,45,08,737 | 9,69,232,06 |
| ചെലവ് | 9,39,15,203 | 9,39,15,203 |
| നീക്കിയിരിപ്പ് | 5,93,534 | 30,08,003 |

## 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 സ്റ്റോക്ക്, സ്റ്റോർ ഭൗതിക പരിശോധന

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-2-2 ക്യാഷ് ബുക്ക്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 5 (4) പ്രകാരം സെക്രട്ടറി ക്യാഷ് ബുക്ക് ദിനം പ്രതി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ ക്യാഷ് ബുക്ക് ദിവസേന പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-2-3 ആസ്തി രജിസ്റ്റർ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-4 പ്രതിമാസ അക്കൌണ്ടുകൾ സ്റ്റാൻറിങ് കമ്മിറ്റികൾ പരിശോധിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10 ാം തിയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ പാലിച്ചിട്ടില്ല.

**1-2-5 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം (Schedule I-6) ആകെ ചെലവ് 1,80,97,828/- രൂപയാണ് . എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട കാഷ്ബുക്ക് & EFMS സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 1,85,36,388/- രൂപയുമാണ്. 4,38,560/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-2-6 ഗുണഭോക്തൃവിഹിതത്തിൽ നീക്കിബാക്കിയുണ്ട്**

വാർഷിക കണക്കിലെ B4 ഷെഡ്യൂളിൽ ഗുണഭോക്തൃവിഹിതമായി 3,75,000/- രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-2-7 പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻഡീച്ചർ**

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 98,13,438 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആസ്തി ഏതാണെന്ന് വിശദീകരിച്ചില്ല.

**1-2-8 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ.**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/ 2008 / ത.സ്വ.ഭ.വ. പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല എന്ന് വ്യക്തമാക്കുന്നു. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം കേരള ഗ്രാമീൺ ബാങ്കിലും, ബെള്ളൂർ സർവ്വീസ് സഹകരണ ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്. കൂടാതെ ഓൺലൈൻ ട്രാൻസാക്ഷനായി എസ്.ബി.ഐ. ബാങ്കിലും അക്കൗണ്ട് സൂക്ഷിക്കുന്നു.

**1-2-9 ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ.**

ടെണ്ടർഫോറം വിൽപ്പന രജിസ്റ്റർ തയ്യാറാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-2-10 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

**1-2-11 ബാദ്ധ്യത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ക്യൂ ബിൽ പ്രകാരം നൽകാനുള്ള തുകകൾ ബാദ്ധ്യത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2-12 വാർഷിക കണക്കിലെ മറ്റ് അപാകങ്ങൾ**

1. 2019-20 വർഷത്തെ ലോൺ രജിസ്റ്റർ (KURDFC) പ്രകാരം മുന്നിരിപ്പ് തുക 88,93,000/- രൂപയും വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പ് തുക 89,93,000/- രൂപയുമാണ്.

2. മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 82,20,762 |
| വരവ്(*) | 7,27,11,179 |
| ആകെ | 8,09,31,941 |
| ചെലവ്(#) | 6,85,92,292 |
| നീക്കിയിരിപ്പ് | 1,23,39,649 |

(*) റസീറ്റ് ആന്റ് പേമെന്റ് പട്ടികയിലെ വരവ് തുകയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 1,69,94,763 രൂപയും സാമൂഹ്യ ക്ഷേമ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 73,16,300 രൂപയും ഉൾപ്പെടുന്നു.
(#) റസീറ്റ് ആന്റ് പേമെന്റ് പട്ടികയിലെ വരവ് തുകയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 1,73,30,078 രൂപയും സാമൂഹ്യ ക്ഷേമ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 73,16,300 രൂപയും ഉൾപ്പെടുന്നു.

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 83,25,882 | 83,25,882 | 49,24,463 | 34,01,419 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 31,69,479 | 31,69,479 | 27,74,776 | 3,94,703 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 30,72,000 | 30,72,000 | 21,41,116 | 9,30,884 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 67,80,672 | 67,80,672 | 33,99,688 | 33,80,984 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 33,55,000 | 33,55,000 | 9,81,452 | 23,73,548 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 32,48,000 | 32,48,000 | 20,39,738 | 12,08,262 |

1 ) വികസന ഫണ്ട് ജനറൽ – സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 5,44,118/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ രണ്ടു ബില്ലുകളിലായി 2,10,000/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

2) എസ്.സി.പി. – സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1,47,059/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 3,03,608/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

3) ടി.എസ്.പി.- സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2,50,000/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 1,45,000/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് പട്ടികയിലെ ചെലവ് തുക കൂടാതെ 20,88,339 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| | | | | | |
|---|---|---|---|---|---|
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 13,347 | 1,82,01,073 | 1,82,14,420 | 1,80,97,828 | 1,16,592 |
| സമ്പൂർണ ശുചിത്വ പദ്ധതി | 2,00,494 | 0 | 2,00,494 | 0 | 2,00,494 |
| NPRPD | 5,50,000 | 0 | 5,50,000 | 2,40,000 | 3,10, 000 |
| സംയോജിത ശിശുവികസന പദ്ധതി | 11,29,583 | 4,10,533 | 15,40,116 | 1,50,000 | 13,90,116 |
| എസ്.എസ്.എ. | 1,08,500 | 0 | 1,08,500 | 0 | 1,08,500 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 12,94,588 | 0 | 12,94,588 | 0 | 12,94,588 |
| വിമുക്തി ഫണ്ട് | 25,000 | 0 | 25,000 | 0 | 25,000 |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | 0 | 41,400 | 41,400 | 41,4001,84,33,143 | 0 |

## 1-5 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 144 | 5,35,70,910 | 61 | 2,38,42,033 | 58 | 25 | 42.36% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 21 | 42,06,937 | 12 | 18,32,170 | 43.55 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 57 | 1,41,81,094 | 23 | 46,70,288 | 32.93 |
| 3 | കൃഷി ഓഫീസർ | 7 | 29,31,113 | 6 | 12,01,114 | 40.97 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 2,27,27,618 | 20 | 1,06,22,729 | 46.73 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 33,31,120 | 7 | 24,02,694 | 72.12 |
| 6 | വെറ്റിനറി സർജ്ജൻ | 10 | 26,38,978 | 8 | 8,36,438 | 31.69 |
| 7 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 2,30,000 | 2 | 2,21,929 | 96.49 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 4 | 15,00,000 | 4 | 7,70,635 | 51.37 |
| 9 | പ്രധാനാധ്യാപകൻ | 8 | 18,24,050 | 6 | 12,84,036 | 70.39 |
| | ആകെ | 144 | 5,35,70,910 | 88 | 2,38,42,033 | 44.50 |

## <u>1-6 തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13,347 | 12,06,310 | 12,19,657 | 11,03,065 | 1,16,592 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,69,94,763 | 1,69,94,763 | 1,69,94,763 | 0 |
| ആകെ | 13,347 | 1,82,01,073 | 1,82,14,420 | 1,80,97,828 | 1,16,592 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1,030 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 11,74,30,000/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. ടി വർഷം 1,73,30,078/- രൂപയുടെ 154 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി വർഷം വിവിധ പദ്ധതികളിലായി ആകെ 61,984 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 233 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 33,600 | 7 |
| വിധവാപെൻഷൻ | 28,17,000 | 476 |
| വാർദ്ധക്യകാല പെൻഷൻ | 33,23,400 | 548 |
| വികലാംഗ പെൻഷൻ | 10,73,900 | 180 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 68,400 | 11 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോന 04-08-2021 തീയതിയിൽ അപരാഹ്നം 3.00 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 4,425 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |

### ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

### ഭരണസമിതി യോഗം

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 9 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട് ( ധനകാര്യം - 14, വികസനം -11, ക്ഷേമകാര്യം - 13 , ആരോഗ്യ – വിദ്യാഭ്യാസം - 12 ).

<u>കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting)-</u>

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 9 തവണ ചേർന്നിട്ടുണ്ട്. ( 20.04.2019, 18.06.2019, 15.07.2019, 17.09.2019, 05.10.2019, 31.10.2019, 12.11.2019, 20.11.2019, 03.02.2020 ) ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി ജീവനക്കാരുടെ യോഗം വിലയിരുത്താറുണ്ട്.

<u>പേഴ്സണൽ രജിസ്റ്റർ-</u>

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ട്ണ്ടെങ്കിലും ആരും തന്നെ അത് സമയബന്ധിതമായി, കൃത്യമായി പരിശോധിക്കുന്നില്ല. തപ്പാലുകൾ തീർപ്പാക്കിയ തിയതി, രേഖപ്പെടുത്തുകയോ ഡിസ്പോസൽ അടയാളപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

<u>1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/01/2021 | 01/10/2020 മുതൽ 31/12/2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-11-2018 മുതൽ 21-11-2018വരെ | 2013-14 മുതൽ 2017-18 വരെ | 02-01-2019 |

<u>1-11 ഇ-ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല</u>

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 5 പൊതു മരാമത്ത് പ്രവൃത്തികളുടെ (വിവിധ റോഡ് പ്രവൃത്തികൾ) ബിഡ് സമർപ്പണ ഫീസ് 10796/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

<u>1-12 ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.</u>

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു

പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 76 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 കറവയുള്ള പശുവിനെ വളർത്തൽ ( വനിത - പട്ടിക വർഗ്ഗം) നടപ്പാക്കയതിലെ - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 103/2019-20 |
| പ്രൊജക്റ്റ് | കറവയുള്ള പശുവിനെ വളർത്തൽ ( വനിത- പട്ടിക വർഗ്ഗം) |
| അടങ്കൽ തുക | 3,68,000 രൂപ |
| ചെലവ് തുക | 1,45,000 രൂപ |
| ബിൽ നമ്പർ /തിയ്യതി | 1/2019-20 തിയ്യതി : 09.05.2019 |
| ഫണ്ട് | വികസന ഫണ്ട് (ടി.എസ്.പി.) |

2019-20 വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ , കറവയുള്ള പശുവിനെ വളർത്തൽ ( വനിത- പട്ടിക വർഗ്ഗം) പദ്ധതി നടപ്പിലാക്കുന്നതിനായി 1,45,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ ബിൽ പ്രകാരം , മൂന്ന് ഗുണഭോക്താക്കൾക്ക് പശുവിനെ വിതരണം ചെയ്ത വകയിൽ , ഹരിപ്രസാദ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് 1,45,000/- രൂപ നൽകിയിട്ടുണ്ട്. ഈ തുകയിൽ 45,000/- രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട ഗുണഭോക്താവിന്റെ രേഖകൾ , പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 45,000/- രൂപ തടസ്സപ്പെടുത്തുന്നു . ( ഓഡിറ്റ് എൻക്വയറി : നമ്പർ : 02 / 2021 തിയ്യതി : 13.08.2021 )

(1) ഗുണഭോക്താവിന്റെ അപേക്ഷ.

(2) സ്ഥിര താമസം തെളിയിക്കുന്നതിനുള്ള സർഫിക്കറ്റ്.

(3) അംഗീകൃത ഗുണഭോക്തൃ പട്ടിക

(4) പട്ടികവർഗ്ഗത്തിൽപ്പെടുന്നു എന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.

(5) പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ സർട്ടിഫിക്കറ്റ്.

(6) ഗുണഭോക്താവിന്റെ കരാർ ഉടമ്പടി.

(7) തുക കൈപ്പറ്റിയ വ്യക്തിയുടെ കൈപ്പറ്റ് രശീത്.

(8) മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് .

## 1-14 ക്ഷീര സംഘങ്ങൾ മുഖേന നൽകുന്ന പാലിന് സബ്സിഡി-അപാകത

| |
|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ |

| | |
|---|---|
| പ്രൊജക്ട് നമ്പർ | 104/2019-20 |
| പ്രൊജക്ട് | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി നൽകൽ |
| അടങ്കൽ തുക | 2,00,000 |
| ചെലവ് തുക | 2,00,000 |
| ബിൽ നമ്പർ / തിയ്യതി | 2/2019-20 തിയ്യതി : 09.05.2019 |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ ) |

2019-20-വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ , മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി 2,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 38 ഗുണഭോക്താക്കൾക്കായി ആകെ 2,00,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് , താഴെ ചേർത്തിരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(1) അംഗീകൃത ഗുണഭോക്തൃപ്പട്ടിക ,

(2) ഗുണഭോക്താക്കൾ പാൽ അളന്നതു സംബന്ധിച്ച , ക്ഷീര സഹകരണ സംഘങ്ങളുടെ വിശദവിവരങ്ങൾ ,

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവവ് തുകയായ 2,00,000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി : നമ്പർ : 03/ 2021 തിയ്യതി : 13.08.2021 )

<u>1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഗ്രാമ പഞ്ചായത്ത് സെക്രട്ടറി
പ്രോജക്ട് നമ്പർ 154/20
പ്രോജക്ടിന്റെ പേര്- പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ .
ബിൽ നമ്പർ 13/04.09.2019

പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനു വേണ്ടി കെ.എസ്.ഇ.ബി.യുടെ DB NO.218/19-ES/ MLR/DT.26.03.2019 എസ്റ്റിമേറ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് 72,602/- രൂപ (Ac/നം 42143170000021) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് .
വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള സ്ഥാപനങ്ങളും നിക്ഷേപിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.
1)ബെള്ളൂർ ഹോമിയോ ഡിസ്പെൻസറി -4,071/- രൂപ
2)ഗുതിയടുക്ക കമ്യൂണിറ്റി ഹാൾ – 6,071/- രൂപ
3)ഹൊസവളിഗെ കമ്യൂണിറ്റി ഹാൾ – 6,071/- രൂപ
4)ബൊളംബൂർ കമ്യൂണിറ്റി ഹാൾ -9,663/- രൂപ
5)ഇന്ദുമല കമ്യൂണിറ്റി ഹാൾ – 5,071/- രൂപ
6)പി.എച്.സി.കിന്നിംഗാർ -28,876/- രൂപ
7)കുട്ടുംബശ്രീ മീറ്റിംഗ് ഹാൾ -19,779/- രൂപ
പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത്

പരിശോധനയ്ക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 5/ 16-08-2021)

1-16 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധി ചട്ട പ്രകാരം എത്രയും വേഗം രൂപീകരിക്കേണ്ടതാണ് . പ്രളയം, കോവിഡ് പോലെയുള്ളവ നേരിടുന്ന സമയമായതിനാൽ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

1-17 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2019-20 ൽ 72,116/- രൂപ കെ.എസ്.ഇ.ബി. യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. യും ഗ്രാമ പഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി , പ്രവർത്തന ക്ഷമമായ തെരുവ് വിളക്കുൾ എത്രയെണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചിട്ടില്ല. ഇത് കാരണം പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ , പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണ്ണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

1-18 ഐ കെ എം ന് പഞ്ചായത്ത് വിഹിതം നൽകൽ-

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

2019-20 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന തുക പഞ്ചായത്തിന്റെ വിഹിതമായി ഐ.കെ.എം. ന് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.20/2020 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 07/ 12.05.2019 58260/- | ഐ.കെ.എം.തിരുവനന്തപുരം AC/57047023512 |

ഇപ്രകാരം ഐ.കെ.എം.ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

1-19 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകത

1) പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി/പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗങ്ങൾ ചേരുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | 69/19-20 |
| പ്രോജക്ടിൻെറ പേര് | സാന്ത്വന പരിചരണം |
| നിർവ്വഹണ | മെഡിക്കൽ ഓഫിസർ, |

| | |
|---|---|
| ഉദ്യോഗസ്ഥൻ | ബെള്ളൂർ |
| | |
| അടങ്കൽ | 5,80,000/- രൂപ (വികസന ഫണ്ട്-ജനറൽ, ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | 5,02,458/- രൂപ |

സ.ഉ. (സാധാ) നം.3217/2015/ത.സ്വ.ഭ.വ. തീയ്യതി 29.10.2015 നമ്പർ ഉത്തരവിലേയും സ.ഉ. (സാധാ) നം.553/2019/ത.സ്വ.ഭ.വ. തീയ്യതി 07.03.2019 നമ്പർ ഉത്തരവിലേയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട് . പ്രസ്തുത ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) രൂപീകരിച്ച് രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതാണ്. ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ PMC യുടെ യോഗം 2019-20 വർഷം 04.05.2019, 11.011.2019, 16.03.2020 എന്നീ തീയതികളിൽ ചേർന്നിട്ടുണ്ട്.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി (P.I.C) എല്ലാമാസവും 5-ാം തീയതിക്കു മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട് പ്രതിമാസ യോഗങ്ങൾക്കിടയിലും ഈ കമ്മറ്റിക്ക് യോഗം ചേരാം. ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ PIC യുടെ യോഗം 2019-20 വർഷം ചേർന്നതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രതിമാസ യോഗങ്ങൾ വീഴ്ച കൂടാതെ നടത്തി പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 ) <u>പാലിയേറ്റീവ് കെയർ-രോഗികളുടെ പേര് വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല</u>

29.10.2015 ലെ സ.ഉ. (സാധാ) നമ്പർ 3217/2015/തസ്വഭവ ഖണ്ഡിക 2-5 (6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവ് പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.4 തീയതി 16.08.2021).

<u>1-20 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.</u>

ഗ്രാമ പഞ്ചായത്തിലെ 16 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ഹരിശ്രീ ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, ചെങ്കള എന്ന സ്ഥാപനത്തിൽ നിന്നും , വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 6068 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 4,24,760/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്. ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ

നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

<u>1-21 നെൽകൃഷി വികസന പദ്ധതി - നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ

2019-20 വർഷം നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതി, (പ്രൊ.നം.25/20) പ്രകാരം 6,80,000 രൂപ കൂലിച്ചെലവ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, ഇതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

<u>1-22 തുല്യതാ പരീക്ഷ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.</u>

താഴെക്കൊടുത്തിരിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി ഹെഡ്മാസ്റ്റർ തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം. | വകയിരുത്തൽ | ബിൽ നം./ തീയതി/ തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1. | 60/2019-20<br>പത്താം തരം, പ്ലസ് വൺ തുല്യതാ പരീക്ഷകൾക്ക് ഫീസ് ഒടുക്കൽ | വികസന ഫണ്ട്(സാധാ)<br>1,29,050 | 1)28/2019-20 തീയതി 29.02.2020<br>31500/-<br>2)29/2019-20 തീയതി 29.02.2020<br>24200/- | കേരള സംസ്ഥാന സാക്ഷരതാ മിഷൻ |

എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ചെലവ് തുകയായ 55700/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 അംഗൻവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിലെ അപാകതകൾ

പദ്ധതി നം.82/2020

അംഗൻവാടി അനുപൂരക പോഷകാഹാരം എസ്.സി.പി

2019-20 വർഷത്തിൽ അംഗൻവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി Kasaragod District Wholesale Co-Op.Consumer Store- ൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം. | വാങ്ങിയ ഭക്ഷ്യധാന്യങ്ങൾ | അളവ് | നൽകിയ തുക |
|---|---|---|---|
| 265/28.02.2019 | ഗോതമ്പ് | 1400 | 50,400 |
| 265/28.02.2019 | ചെറുപയർ | 185 | 15,170 |
| 265/28.02.2019 | ശർക്കര | 100 | 6,100 |
| 265/28.02.2019 | നിലക്കടല | 124 | 14,631 |
| 265/28.02.2019 | വെളിച്ചെണ്ണ | 52 | 10,920 |
| 297/28.03.2019 | ഗോതമ്പ് | 400 | 14,400 |
| 297/28.03.2019 | ചെറുപയർ | 290 | 23,700 |
| 297/28.03.2019 | ശർക്കര | 200 | 12,200 |
| 297/28.03.2019 | നിലക്കടല | 91 | 10,464 |
| .297/28.03.2019 | വെളിച്ചെണ്ണ | 108 | 22,680 |
| ആകെ | | | 1,80,665 |

മേൽ കാണിച്ച ഭക്ഷ്യധാന്യങ്ങളുടെ വിവരം സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. അംഗൻവാടികളിലേക്ക് വിതരണം നടത്തിയ ഭക്ഷ്യധാന്യങ്ങളുടെ വിവരമുള്ള അംഗൻവാടിയിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ 16 അംഗൻവാടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയ രേഖകളും അംഗൻവാടിയിൽ സൂക്ഷിക്കുന്ന ഫുഡ് സ്റ്റോക്ക് രജിസ്റ്ററും സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകളും സി.ഡി.പി.ഒ. പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-24 അംഗൻവാടികളിലേക്ക് ന്യൂട്രീമിക്സ് വിതരണം ചെയ്തതിലെ അപാകതക്കൾ

നിർവ്വഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 82/2020(2019-20)

പ്രൊജക്ടിന്റെ പേര്: അംഗൻവാടി അനുപൂരക പോഷകാഹാരം

ചെലവ് തുക : 1,92,642/-

2019-20 വർഷത്തിൽ അംഗൻവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഹരിശ്രീ കുടുംബശ്രീ യൂണിറ്റിൽ നിന്നും , അമൃതം ന്യൂട്രീമിക്സ് വാങ്ങിയിട്ടുണ്ട്. വാങ്ങിയ ന്യൂട്രീമിക്സ് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി ചേർത്ത് 16 അംഗൻവാടികളിലേക്ക് വിതരണം നടത്തിയില്ല.ന്യൂട്രീമിക്സ് വാങ്ങിയതും, സൂപ്പർവൈസർ സൂക്ഷിക്കുന്ന രേഖകൾ പ്രകാരം വിതരണം നടത്തിയ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | ഇൻവോയിസ് നമ്പർ/ തീയതി | വാങ്ങിയ ന്യൂട്രീമിക്സ് | നൽകിയ തുക | അങ്കണവാടി കളിലേക്ക് വിതരണം നടത്തിയത് | വിതരണ ത്തിലെ കുറവ് | കുറവ് വന്ന ന്യൂട്രീമി ക്സിന്റെ തുക |
|---|---|---|---|---|---|---|
| 8/09.011.2019 | 120/05.08.2019 | 480 | 35280 | 161 | 369 | 25,830 |
| 15/29.11.2019 | 123/04.09.2019 | 495 | 36382 | 457 | 38 | 9,660 |
| 19/20.12.2019 | 133/03.12.2019 | 541 | 39763 | 194 | 347 | 24,290 |
| 25/13.01.20 | 135/04.01.2020 | 550 | 40425 | 154 | 395 | 27,650 |
| 44/16.3.2021 | 144/4.3.2020 | 555 | 40792 | 520 | 35 | 2,450 |
| | ആകെ | 2621 | 1,92,642 | 1,486 | 1,284 | 89,880 |

ഗ്രാമ പഞ്ചായത്തിലെ 16 അങ്കണവാടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയ രേഖകളും അങ്കണവാടിയിൽ സൂക്ഷിക്കുന്ന ഫുഡ് സ്റ്റോക്ക് രജിസ്റ്ററും, സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും സി.ഡി.പി.ഒ. പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-25 പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിങ്ങ് നടത്തിയതിന്റെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നം & പേര് | ബിൽ നം & തിയതി | NEFT മുഖാന്തിരം നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 17/20 കവുങ്ങു കൃഷി ജൈവ വളം | 9/20.01.2020 | 3,14,441 | 49 |
| | | 11/20.01.2020 | 68,910 | 17 |
| | | 16/01.02.2020 | 10,160 | 3 |
| | | 27/20.02.2020 | 35,152 | 2 |
| | | 30/31.03.2020 | 12,426 | 2 |
| 2 | 32/20 തെങ്ങു കൃഷി ജൈവ വളം | 7/20.01.2020 | 1,61,343 | 31 |
| | | 12/20.01.2020 | 29,950 | 5 |
| | | 15/01.02.2020 | 2,000 | 1 |
| | | 18/24.02.2020 | 14,498 | 2 |
| | | 32/30.03.2020 | 4,142 | 1 |
| 3 | 53/20 ജലസേചനത്തിനു പമ്പ്സെറ്റ് വിതരണം | 3/10.12.2019 | 17,000 | 2 |
| | | 10/20.01.2020 | 9,950 | 2 |
| | | 14/20.01.2020 | 47,300 | 6 |
| | | 17/01.02.2020 | 22,650 | 3 |
| | | 19/.24.02.2020 | 12,100 | 2 |
| | | 28/24.02.2020 | 5,800 | 1 |
| | | 29,30.03.2020 | 5,945 | 1 |
| 4 | 35/20 കവുങ്ങു കൃഷി- ഉരിശ്രു, ചുണ്ണാമ്പ് വിതരണം | 9/16.12.2020 | 13,083 | 10 |
| | | 6/16.12.2019 | 29,554 | 21 |
| | | 13/20.01.2020 | 10,481 | 8 |
| | | 25/24.02.2020 | 7,363 | 5 |
| | | 26/20.02.2020 | 10,950 | 2 |
| | | 31/30.03.2020 | 2,094 | 1 |
| ആകെ | | | 8,47,292 | |

വ്യക്തിഗത അപേക്ഷകളിൽ , നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ചതിൻെറ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 09.08.2021 മുതൽ 13.08.2021 വരെ | അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ചഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,40,800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളാർഷിപ്പ് | 1,40,800 | 0 |
| | 2019-20 | 80,000 | ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) | 80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 40,000 | സാന്ത്വന പരിചരണ പദ്ധതി | 40,000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം | തുക | | തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോജക്ട് നമ്പർ 154/20 (2019-20) പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ | 13/ 4.9.19 | 72,602 | 72,602 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു .

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 2018-19 ലൈഫ് | G.O. (MS) നം.68/2018 ത.സ്വ.ഭ.വ. തി.18-05-2018 | ₹89,93,000 | 1,64,74,615 | ₹63,91,177 | - | 1,00,83,438 |
| 2019-20 ലൈഫ് | G.O. (MS) നം.68/2018 ത.സ്വ.ഭ.വ. തി.02.04.2019 | 74,81,615 (തൻവർഷം ലഭിച്ചത്) | | | | |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2013-14 | ഖണ്ഡിക നമ്പർ 3.5,3.7,3.8 | 25,843 | കെ.എൻ.കുഞ്ഞുമോൻ അസിസ്റ്റന്റ് എഞ്ചിനീയർ | 119060100049/ 08-05-2019 |
| 2004-05 | ഖണ്ഡിക 3 -1 , 3-3 | 11,670 | മഹാലിങ്ക ശർമ്മ, സെക്രട്ടറി | 119060100329/ 18-09-2019 |
| 2005-06 | ഖണ്ഡിക 3-4 | 5,520 | മഹാലിങ്ക ശർമ്മ, | 119060100330/ 18- |

| | | | |
|---|---|---|---|
| | | സെക്രട്ടറി | 09-2019 |
| ആകെ | 43,033 രൂപ | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99- | 30 | 1999-2000 | Iv-77-എ | ബൂതാന എസ്.സി. കോളനി കിണർ നിർമ്മാണം, സിമന്റിന് അധികം തുക ചെലവഴിച്ചത് | സമിതി റിപ്പോർട്ടിൽ തുക തിരിച്ചടച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ തടസ്സം ഒഴിവാക്കാമോ എന്ന് പരാമർശിച്ചുകാണുന്നില്ല. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു.<br>LFAC 2006-08, 7 മത് റിപ്പോർട്ട് |
| 1998-99- | 33 | 1999-2000 | Iv-77-ബി | വിനിയോഗിക്കാതെ തിരിച്ചടച്ച മുൻകൂർ തുകയ്ക്ക് പലിശ ഈടാക്കിയിട്ടില്ല. | സമിതി റിപ്പോർട്ടിൽ തുക തിരിച്ചടച്ചതിനെ അഭിനന്ദിച്ചിട്ടുണ്ട്. എന്നാൽ തടസ്സം ഒഴിവാക്കാമോ എന്ന് പരാമർശിച്ചുകാണുന്നില്ല. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു.<br>LFAC 2006-08, 7 മത് റിപ്പോർട്ട് |
| 2015-16 | 2-1 | 2016-17 | അധ്യായം.1<br>അനുബന്ധം3 | വസ്തു നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| 2015-16 | 2-2, 2-3 | 2016-17 | അധ്യായം.2<br>അനുബന്ധം5 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡിപ്പോസിറ്റ് പ്രവൃത്തികൾ- അവലോകന റിപ്പോർട്ട്<br>2017-18 | - | 2017-18 | 2-6<br>(പേജ് 367 To 372 & 502 503, 505) &അനുബന്ധം 7, | സമയബന്ധിതമായി പൂർത്തീകരിക്കാത്ത പദ്ധതികൾ .<br>പ്രൊ.നം 39/16 തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | മറുപടി ലഭ്യമാക്കിയിട്ടില്ല പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

1)ചാർജ് നടപടി വഴി ഈടാക്കിയ തുക: ഇല്ല

2) സർചാർജ് നടപടി വഴി ഈടാക്കിയ തുക : ഇല്ല

3) സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് സംബന്ധിച്ച വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക , (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2013-14 | ഖ.3-5 | വിശ്വനാഥൻ. എം.എൻ അസിസ്റ്റന്റ് എഞ്ചിനിയർ | KSA.10872/ Spl.Cell/ Csc/ C2/2017 Dt.14.10.2020 | ₹13,402/- | | | | | 0 | ₹ 13,402/- | തുക ഒടുക്കിയിട്ടില്ല |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 2013-14 | ഖ.3-7 | വിശ്വനാഥൻ എം.എൻ അസിസ്റ്റന്റ് എഞ്ചിനിയർ | KSA.10872/ Spl.Cell/ Csc/ C2/2017 Dt.14.10.2020 | ₹1,290/- | | | | | 0 | ₹ 1,290/- | തുക ഒടുക്കിയിട്ടില്ല |
| 3 | 2013-14 | ഖ.3-8 | കാർത്തിക് ജെ അസിസ്റ്റന്റ് എഞ്ചിനിയർ | KSA.10872/ Spl.Cell/ Csc/ C2/2017 Dt.24.02.2020 | ₹11,149/- | | | | | 0 | ₹ 11,149/- | തുക ഒടുക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,27,11,179 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,85,92,292 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,00,700 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 45,000 | ഡോ.സ്റ്റെല്ല സണ്ണി , വെറ്ററിനറി സർജൻ |
| 1-14 | ₹2,00,000 | ഡോ.സ്റ്റെല്ല സണ്ണി , വെറ്ററിനറി സർജൻ |
| 1-22 | ₹55,700 | പ്രകാശ് ബി.എം,ഹെഡ്മാസ്റ്റർ ഗവൺമെന്റ് എൽ. പി. സ്കൂൾ |
| ആകെ | 3,00,700 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-86 | LFC7/1999/90 Dt. 11-04-1991 | 14 |
| 1986-87 | LFC7/1233/91 Dt. 14-10-1991 | 4 |
| 1987-88 To 1989-90 | LFKSD1/307/2001 Dt.29-6-2001 | 16 |
| 1993-94 To 1995-96 | LFKSD6/432/2003 Dt.23-7-2004 | 3 |
| 1996-97 | LFKSD4/177/98 Dt. 07-05-1999 | 30 |
| 1997-98 | LFKSD5/ 353/99 Dt. 24-08-2000 | 26 |
| 1998-99 | LFKSD5/219/2000 Dt.30-09-2000 | 8 |
| 1999-2000 | LFKSD5/57/2001 Dt. 14-06-2002 | 10 |
| 2000-2001 | LFKSD5-5/106/2002 Dt. 02-09-2002 | 21 |
| 2001-2002 Plan | LFKSD6/802/2003 Dt. 11-03-2005 | 9 |
| 2001-02 Final | LFKSD6/565/2005 Dt. 01-06-2006 | 9 |
| 2002-03 | LFKSD6/4/640/09 Dt. 20-01-2010 | 5 |
| 2003-04 | LFKSD6/4/204/10 Dt. 18-12-2010 | 16 |
| 2004-05 | LFKSD6/4/205/10 Dt. 09-12-2010 | 7 |
| 2005-06 | LFKSD7/135/11 Dt. 03-02-2012 | 6 |
| 2006-07 | LFKSD7/142/11 Dt. 14-02-2012 | 5 |
| 2007-08 | LFKSD7/138/11 Dt. 14-02-2012 | 4 |
| 2008-09 | LFKSD4/217/12 Dt. 13-02-2013 | 6 |
| 2009-10 | LFKSD4/272/12 Dt.14-02-2013 | 5 |
| 2010-11 | LFKSD4/467/13 Dt.29-10-2013 | 6 |
| 2011-12 | LFKSD4/468/13 Dt.6-12-2013 | 6 |
| 2012-13 | LFKSD7/430/14 Dt.30-12-2014 | 13 |
| 2013-14 | LFKSD7/826/2015 Dt.09-10-2015 | 9 |
| 2014-15 | KSA.KSD7/637/2016 Dt. 20.07.2016 | 7 |
| 2015-16 | KSA.KSD-7/73/2017 Dt. 31.01.2017 | 8 |
| 2016-17 | KSA.KSD-7/984/2017 Dt. 10.08.2017 | 17 |
| 2017-18 | KSA.KSD-7/105/2019 Dt.10.02.2019 | 19 |
| 2018-19 | KSA.KSD-7/1003/2019 Dt.12.11.2019 | 11 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Bellur Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8220762.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 311130.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4500.00 |
| 140000000 | Fees & User Charges | RP-4 | 4066267.00 |
| 150000000 | Sale & Hire Charges | RP-5 | 98825.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 23005676.00 |
| 171000000 | Interest Earned | RP-9 | 36366.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 16750834.00 |
| 350000000 | Other Liabilities | RP-36 | 214522.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 111410.00 |
| 330000000 | Secured Loans | RP-32 | 2131615.00 |
| 350000000 | Other Liabilities | RP-36 | 55098.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 620576.00 |
| 460000000 | Loans, Advances and Deposits | RP-47 | 993297.00 |
| | Grand total | | 56620878.00 |
| | PAYMENTS | | |
| | Operating | | |
| | | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 2716257.00 |
| 220000000 | Administrative Expenses | RP-12 | 378077.00 |
| 230000000 | Operations & Maintenance | RP-13 | 299922.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 1932542.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 14745026.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 25129.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 404019.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 414000.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 1875852.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 280000000 | Prior Period item | RP-26 | 121039.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 69466.00 |
| 350000000 | Other Liabilities | RP-36 | 13351670.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 13360.00 |
| 340000000 | Deposits Received | RP- | 7500.00 |

| | | | |
|---|---|---|---|
| | | 34 | |
| 350000000 | Other Liabilities | RP-36 | 1323140.00 |
| 410000000 | Fixed Assets | RP-38 | 3621888.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 1861615.00 |
| 460000000 | Loans, Advances and Deposits | RP-47 | 1120727.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12325549.00 |
| Cash | Cash | RP-40(b) | 14100.00 |
| | Grand Total | | 56620878.00 |

## 4
## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Bellur Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 1048651.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4500.00 |
| 140000000 | Fee & User Charges | I-4(b) | 4096467.00 |
| 150000000 | Sale & Hire Charges | I-5(b) | 98825.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 63154774.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 36366.00 |
| 180000000 | Other Income | I-9 | 347706.00 |
| | Total Income | | 68787289.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7030497.00 |
| 220000000 | Administrative Expenses | I-11(b) | 428077.00 |
| 230000000 | Operations & Maintenance | I-12(b) | 98408.00 |
| 240000000 | Interest & Finance Charges | I-13 | 13360.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 1932542.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32679966.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 25129.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 10895522.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 7730300.00 |
| 255000000 | Maintenance Projects | I-14(e) | 1875852.00 |
| 256000000 | Other Revenue | I-15(a) | 0.0 |

| | | | |
|---|---|---|---|
| | Grants and Funds - Revenue Expenses | | |
| | Total Expenditure | | 62709653.00 |
| | Gross Surplus/ Deficit of income over Expenditure | | 6077636.00 |
| 280000000 | Prior Period Item | I-18 | -8059062.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 14136698.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## 5

## ബാലൻസ് ഷീറ്റ്

| Bellur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -15904800.66 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 58111485.00 |
| | Total Reserve & Surplus | | 42206684.34 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9574631.00 |
| | Total Grants, Contributions for Specific Purposes | | 9574631.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10083438.00 |
| | Total Loans | | 10083438.00 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 6400.00 |
| 350000000 | Other Liabilities | B-9 | 697168.00 |
| | Total Current Liabilities and Provisions | | 703568.00 |
| | TOTAL LIABILITIES | | 62568321.34 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 55004133.00 |
| 411000000 | Accumulated Depreciation | B-11 | -15410137.66 |
| 412000000 | Capital Work in Progress | B-11(a) | 418902.00 |
| | Total Fixed Assets | | 40012897.34 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 95679.00 |
| 440000000 | Pre-paid Expenses | B-16 | 9813438.00 |
| 450000000 | Cash and Bank Balance | B-17 | 12339649.00 |
| 460000000 | Loans, Advances and Deposits | B-18 | 306658.00 |
| | Total Current Assets, Loans and Advances | | 22555424.00 |
| | | | |